**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **05-10-2021 - ൽ മറുപടിയ്ക്ക്**

**നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിയമ വകുപ്പിൽ തീർപ്പാക്കാതെ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | മറ്റു വകുപ്പുകളിൽ നിന്നും നിയമോപദേശം തേടി അയയ്ക്കുന്ന ഫയലുകൾ ആണോ ഇപ്രകാരം നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | നിയമോപദേശം ആവശ്യപ്പെട്ടു വരുന്ന ഫയലുകൾ കാലതാമസം കൂടാതെ തന്നെ അതാത് ഭരണ വകുപ്പുകൾക്ക് തിരികെ നൽകാറുണ്ട്. |
| (സി) | എങ്കിൽ നിയമ വകുപ്പിൽ നിന്നുള്ള തീർപ്പ് യഥാസമയം ലഭിക്കാത്തതുമൂലം മറ്റു വകുപ്പുകളിലും കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | നിയമോപദേശം ആവശ്യപ്പെട്ടു വരുന്ന ഫയലുകൾ കാലതാമസം കൂടാതെ തന്നെ അതാത് ഭരണ വകുപ്പുകൾക്ക് തിരികെ നൽകാറുണ്ട്. |
| (ഡി) | നിയമ വകുപ്പിൽ തീർപ്പുകൽപ്പിക്കാതെ നിലവിലുള്ള ഫയലുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (ഡി) | എല്ലാ സെക്ഷനുകളുടെയും ഫയലുകൾ ഉൾപ്പെടെ 2021 ആഗസ്റ്റ് 31 വരെ 2446 ഫയലുകളാണ് നിയമവകുപ്പിൽ തീർപ്പാക്കാനുള്ളത്. |
| (ഇ) | എങ്കിൽ ഈ ഫയലുകളിൽ അടിയന്തര തീർപ്പ് ഉണ്ടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ? | (ഇ) | ഫയലുകൾ വേഗത്തിലും, അടിയന്തരമായും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ